## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5459 — 18.11.2019 ൽ മറുപടിയ്ക്ക്

### വെബ്സൈറ്റുകളുടെ ഹാക്കിംഗ് തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. എൻ. ഷംസുദ്ദീൻ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റ് കേരള സൈബർ വാരിയേഴ്സ് എന്ന സംഘം ഹാക്ക് ചെയ്തിട്ടുണ്ടോ; എങ്കിൽ ഹാക്കർമാരുടെ ആവശ്യം എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. |
| (ബി) | ഇത്തരം ഹാക്കിംഗ് നേരത്തെ എത്ര തവണ ഉണ്ടായിട്ടുണ്ട്; ഹാക്കർമാരെ ഏതെല്ലാം വിധത്തിലാണ് നിയമപരമായി നേരിടുന്നതിന് സർക്കാർ ആലോചിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | കെൽട്രോൺ വഴി ഹോസ്റ്റ് ചെയ്ത സംസ്ഥാന നിയമ വകുപ്പ് വെബ്സൈറ്റ്, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വെബ്സൈറ്റ്, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് വെബ്സൈറ്റ് തുടങ്ങിയവ 2019 - ഇൽ ഹാക്ക് ചെയ്തിട്ടുണ്ട്. 2012 -2013 കാലയളവിൽ ഐ ടി മിഷനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഹാക്കിംഗുമായി ബന്ധപ്പെട്ട സംഭവങ്ങൾ സംബന്ധിച്ച് പോലീസ് വകുപ്പിന് പരാതി നൽകിയിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകൾ ഹാക്ക് ചെയ്യപ്പെടുന്നത് പോലുള്ള ഗുരുതരമായ സ്ഥിതിവിശേഷം പ്രതിരോധിക്കുന്നതിന് ഐ.ടി.വകുപ്പ് സുസജ്ജമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | (സി) യും (ഡി) യും | സർക്കാരിന്റെ ഭൂരിഭാഗം വെബ്സൈറ്റുകളും വെബ് ആപ്ലിക്കേഷനുകളും സ്റ്റേറ്റ് ഡാറ്റ സെന്ററിലാണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. ഡാറ്റ സെന്ററിൽ നെറ്റ്‌വർക്ക് വഴിയുള്ള ഹാക്കിംഗ് പ്രതിരോധിക്കാൻ വിപുലമായ സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. വെബ് ആപ്ലിക്കേഷൻ |

| | | | |
|---|---|---|---|
| (ഡി) | ഭാവിയിൽ ഇത്തരം ഹാക്കിംഗ് തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | | വെബ്സൈറ്റ് സുരക്ഷ ഉറപ്പാക്കുന്നതിനു ആപ്ലിക്കേഷൻ സുരക്ഷാ പരിശോധന ഐ ടി വകുപ്പ് നിർബന്ധമാക്കിയിട്ടുണ്ട്.<br>സർക്കാരിന്റെ ഒഫീഷ്യൽ വെബ്സൈറ്റ്, വകുപ്പുകളുടെ വെബ്സൈറ്റുകൾ, ആപ്ലിക്കേഷനുകൾ എല്ലാം തന്നെ എംപാനൽ ചെയ്തിട്ടുള്ള ഏജൻസികൾ മുഖാന്തിരം സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയതിനു ശേഷമാണ് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ (SDC) ഹോസ്റ്റ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ വെബ്സൈറ്റുകൾ ഹാക്കിംഗിനെ പ്രതിരോധിക്കുന്നുണ്ട്.<br>സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്താതെയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടല്ലാതെയും ഡെവലപ്പ് ചെയ്തിട്ടുള്ള വെബ്സൈറ്റുകൾ യാതൊരു കാരണവശാലും സ്റ്റേറ്റ് ഡാറ്റ സെന്ററിൽ (SDC) ഹോസ്റ്റ് ചെയ്യുവാൻപാടുള്ളതല്ല എന്ന കർശന നിർദ്ദേശം സ്റ്റേറ്റ് ഡാറ്റ സെന്ററിനും (SDC), കേരളാ സ്റ്റേറ്റ് ഐ.ടി മിഷനും (KSITM), വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുമാത്രമേ വെബ്സൈറ്റ് ഡെവലപ്പ് ചെയ്ത് നൽകുവാൻ പാടുള്ളൂ എന്ന നിർദ്ദേശം സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വെബ്സൈറ്റ് തയ്യാറാക്കി നൽകുന്ന സർക്കാർ ഏജൻസികൾക്കും ഇതിനോടകം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**